# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 354

10-06-2014-ൽ മറുപടിക്ക്

### വൈദ്യുതി നിരക്ക് വർദ്ധന

ചോദ്യം

ശ്രീ. എ. കെ. ബാലൻ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്.
(ഊർജ്ജ വകുപ്പ് മന്ത്രി.)

| ചോദ്യം | ഉത്തരം |
|---|---|
| (എ) ഈ സർക്കാർ എത്ര പ്രാവശ്യം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട് ; ഓരോ പ്രാവശ്യവും ഇതിലൂടെ കെ.എസ്.ഇ.ബി ക്ക് എന്തു തുക ലഭിച്ചു ; | (എ) സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 2012 ജൂലൈ ഒന്നു മുതൽ ശരാശരി 25 ശതമാനം താരിഫ് വർദ്ധനവും 2013 മെയ് മുതൽ ശരാശി 10 ശതമാനം താരിഫ് വർദ്ധനവും നടപ്പിലാക്കിയിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തെ താരിഫ് പരിഷ്കരണത്തിലൂടെ ഏകദേശം പ്രതിവർഷം 1257 കോടി രൂപയും, 2013-14 സാമ്പത്തിക വർഷത്തെ താരിഫ് പരിഷ്കരണത്തിലൂടെ ഏകദേശം പ്രതിവർഷം 642.47 കോടി രൂപയും ബോർഡിന് ലഭിച്ചിട്ടുണ്ട്.<br><br>2011-12 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2012-13 വർഷം കെ.എസ്.ഇ.ബി.യുടെ വരുമാനത്തിൽ 1630 കോടി രൂപയുടെ വർദ്ധനവും ഉണ്ടായിട്ടുണ്ട്. ഇത് മുൻവർഷത്തെപേക്ഷിച്ച് 657 മില്ല്യൺ യൂണിറ്റ് വൈദ്യുതി കൂടുതലായി വില്പന നടത്തിയതും വൈദ്യുതി ചാർജ്ജിലുണ്ടായ വർദ്ധനവും മൂലമാണ്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ചാർജ്ജിന് പുറമെ മറ്റ് എന്തെല്ലാം ചാർജ്ജുകൾ കെ.എസ്.ഇ.ബി വർദ്ധിപ്പിച്ചിട്ടുണ്ട് ; | (ബി) വൈദ്യുതി ചാർജ്ജ് വർദ്ധനവിനു പുറമേ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഉപഭോക്താക്കൾക്ക് ഏർപ്പെടുത്തിയ ഇന്ധന സർചാർജ്ജിന്റെ വിശദാംശങ്ങൾ താഴെ |

ഒരോന്നിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ : ഇതിലൂടെ എന്ത് തുകയാണ് കെ.എസ്.ഇ.ബി ക്ക് ലഭിച്ചത്:

കൊടുത്തിരിക്കുന്നു. നിലവിൽ സംസ്ഥാനത്ത് റെഗുലേറ്ററി കമ്മീഷൻ ഇന്ധന സർചാർജ്ജ് ഏർപ്പെടുത്തിയിട്ടില്ല.

| കാലയളവ് | നിരക്കുകൾ |
|---|---|
| 2011 ഒക്ടോബർ മുതൽ 2012 മാർച്ച് വരെ | മാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് – ഇല്ല<br>മറ്റെല്ലാ ഉപഭോക്താക്കൾക്കും – യൂണിറ്റിന് 25 പൈസ നിരക്കിൽ |
| 2012 ഏപ്രിൽ മുതൽ 2012 സെപ്റ്റംബർ വരെ | മാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് – ഇല്ല<br>മറ്റെല്ലാ ഉപഭോക്താക്കൾക്കും – യൂണിറ്റിന് 20 പൈസ നിരക്കിൽ |
| 2012 ഒക്ടോബർ മുതൽ 2012 ഡിസംബർ വരെ | മാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് – ഇല്ല<br>മറ്റെല്ലാ ഉപഭോക്താക്കൾക്കും – യൂണിറ്റിന് 20- പൈസ നിരക്കിൽ |
| 2013 ജനുവരി മുതൽ 2013 മാർച്ച് വരെ | എല്ലാ വിധ ഉപഭോക്താക്കൾക്കും – യൂണിറ്റിന് 10 പൈസ നിരക്കിൽ |

ഇതിനു പുറമേ സംസ്ഥാനത്തെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത് 2012 ഏപ്രിൽ, മെയ് മാസങ്ങളിൽ ഉപഭോക്താക്കളുടെ മേൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തുകയും നിയന്ത്രണത്തിനു മുകളിൽ കൂടുതലായി ഉപയോഗിക്കുന്ന ഓരോ യൂണിറ്റിനും പത്തു രൂപാ നിരക്കിൽ വൈദ്യുതി ചാർജ്ജ് ഈടാക്കുവാനും റെഗുലേറ്ററി കമ്മീഷൻ ബോർഡിന് അനുമതി നൽകിയിരുന്നു.2012 ജൂൺ ഒന്നാം തീയതി മുതൽ ഇതൊഴിവാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2012 ഡിസംബർ 15 - ാം തീയതി മുതൽ 2013 മെയ് വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത് ഉപഭോക്താക്കളുടെ മേൽ നിയന്ത്രണം ഏർപ്പെടുത്തുകയും. പ്രസ്തുത നിയന്ത്രണത്തിനു മുകളിൽ കൂടുതലായി ഉപയോഗിക്കുന്ന ഓരോ യൂണിറ്റ്

വൈദ്യുതിക്കും അതതു വിഭാഗത്തിനുള്ള എനർജി ചാർജ്ജ് നിലവിലെ നിരക്കിനു പുറമേ പെനാൽറ്റി ആയി ഈടാക്കുവാനും സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചിരുന്നു. പ്രസ്തുത നിയന്ത്രണം 2013 ജൂൺ ഒന്നാം തീയതി മുതൽ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് ഇന്ധന സർചാർജ്ജോ, അധിക ഉപഭോഗത്തിനു പെനാൽറ്റിയോ ഏർപ്പെടുത്തിയിട്ടില്ല.

ഇന്ധന സർചാർജ്ജ് ഏർപ്പെടുത്തിയത് മുഖേന ബോർഡിന് ഏകദേശം 501.51 കോടി രൂപ 2011 ഒക്ടോബർ മുതൽ 2013 മാർച്ച് വരെ അധിക വരുമാനമായി ലഭിച്ചിട്ടുണ്ട്. 2012 ഏപ്രിൽ-മെയ് മാസങ്ങളിൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തിയതു വഴി ഏകദേശം 89.04 കോടി രൂപ അധിക വരുമാനമായി ലഭിച്ചിട്ടുണ്ട്. കൂടാതെ 2012 ഡിസംബർ 15 - ാം തീയതി മുതൽ 2013 മെയ് വരെയുള്ള കാലയളവിൽ ഏർപ്പെടുത്തിയ വൈദ്യുതി നിയന്ത്രണത്തിലൂടെ ഏകദേശം 244.78 കോടി രൂപയും അധിക വരുമാനമായി ലഭിച്ചിട്ടുണ്ട്.

(സി) വൈദ്യുതി ചാർജ്ജ് വർദ്ധനവിനുള്ള നിർദ്ദേശം കെ.എസ്.ഇ.ബി സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന് നൽകിയിട്ടുണ്ടോ ; എങ്കിൽ എത്ര രൂപയുടെ വർദ്ധനവാണ് ലക്ഷ്യമിടുന്നത്;

(സി) ഉണ്ട്. 2014-15 വർഷത്തെ എ.ആർ.ആർ & ഇ.ആർ.സി. പ്രകാരം ബോർഡിന്റെ വരുമാന കമ്മി ഏകദേശം 2931.21 കോടി രൂപയാണ്. പ്രസ്തുത കമ്മിയിൽ ഏകദേശം 1423.63 കോടി രൂപ താരിഫ് വർദ്ധനവിലൂടെ സമാഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ ബോർഡ് സമർപ്പിച്ചിട്ടുണ്ട്.

ഡി) വരുമാനവും ചെലവും തമ്മിൽ എത്ര രൂപയുടെ അന്തരമാണ് ഇപ്പോൾ കെ.എസ്.ഇ.ബി. ക്കുള്ളത് ;

(ഡി) സംസ്ഥാന വൈദ്യുതി ബോർഡിന്റെ 2014-15 സാമ്പത്തിക വർഷത്തെ എ.ആർ.ആർ & ഇ.ആർ.സി. പ്രകാരം ബോർഡിന്റെ വരുമാനവും ചെലവും തമ്മിലുള്ള അന്തരം 2931.21 കോടി രൂപയാണ്.

(ഇ) വൈദ്യുതി ചാർജ്ജ് കുടിശ്ശികയിനത്തിൽ എത്ര രൂപയാണ് കെ.എസ്.ഇ.ബിക്ക് പിരിഞ്ഞു കിട്ടാനുള്ളത് :

(ഇ) 31.03.2014 ലെ ത്രൈമാസ കുടിശ്ശികയുടെ കണക്കനുസരിച്ച് 1502.42 കോടി രൂപ കുടിശ്ശികയിനത്തിൽ പിരിഞ്ഞ് കിട്ടാനുണ്ട്.

(എഫ്) വൈദ്യുതി ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിനെതിരെ കോടതിയുടെ സ്റ്റേ നിലവിലുണ്ടോ : എങ്കിൽ ഇത്തരം സ്റ്റേയിലൂടെ എത്ര രൂപയാണ് കിട്ടാനുള്ളതെന്ന് വ്യക്തമാക്കുമോ ;

(എഫ്) വിവിധ കോടതികളിൽ വ്യവഹാരങ്ങളിൽപ്പെട്ട് LT വിഭാഗത്തിൽ 45.3 കോടി രൂപയും. HT/EHT വിഭാഗത്തിൽ 307.53 കോടി രൂപയും കുടിശ്ശിക ഇനത്തിൽ നിലവിലുണ്ട്.

(ജി) ചാർജ്ജ് വർദ്ധനവ് ഒഴിവാക്കാൻ ഈ സർക്കാർ കെ.എസ്.ഇ.ബി ക്ക് എത്ര രൂപയുടെ സബ്സിഡിയാണ് പ്രഖ്യാപിച്ചത്; ഇതിൽ എത്ര രൂപ ഇതുവരെ ലഭിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ?

(ജി) സംസ്ഥാനത്ത് പ്രതിമാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും 2012 ജൂലൈ ഒന്നാം തീയതി മുതൽ നിലവിൽ വന്ന താരിഫ് വർദ്ധനവിൽ നിന്നൊഴിവാക്കുന്നതിനായി പ്രതിമാസം 25 കോടി രൂപയും കൂടാതെ മേൽപ്പറഞ്ഞ ഉപഭോക്താക്കളെ 2013 മെയ് ഒന്നാം തീയതി പ്രാബല്യത്തിൽ വന്ന താരിഫ് വർദ്ധനവിൽ നിന്നൊഴിവാക്കുന്നതിന് മൂന്നു മാസത്തേയ്ക്ക് പ്രതിമാസം 10 കോടി രൂപയും സബ്സിഡിയായി ബോർഡിന് നൽകാൻ ഗവൺമെന്റ് ഉത്തരവിട്ടിട്ടുണ്ട്.

വൈദ്യുതി ചാർജ് വർദ്ധനവ് ഒഴിവാക്കാൻ 2012-13 സാമ്പത്തിക വർഷത്തേക്ക് 225 കോടി രൂപയും 2013-14 വർഷത്തേക്ക് 330.24 കോടി രൂപയും സർക്കാർ അനുവദിച്ചതിൽ ആകെ 175 കോടി രൂപ മാത്രമാണ് ഇതുവരെ ബോർഡിന് ലഭിച്ചത്.

ഗാർഹിക ഉപഭോക്താക്കളെ തെർമൽ സർചാർജിൽ നിന്നും ഒഴിവാക്കുന്നതിനായി 2011-12 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 25 കോടി രൂപയുടെ സബ്സിഡിയും ഇതുവരെ ബോർഡിന് ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ